മാതൃഭൂമി
Mathrubhumi
Date:10/08/2024
Page No.05
column:04

# ത്രോബോൾ മത്സരം

**മാവേലിക്കര ▶** ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 15-ന് നൂറനാട് സി.ബി.എം. ഹയർസെക്കൻഡറി സ്കൂളിൽ നടക്കും. 11-ന് മുൻപ് പ്ലേയർ, ടീം രജിസ്ട്രേഷനുകൾ www.throwballkerala.com എന്ന വെബ്സൈറ്റിൽ പൂർത്തിയാക്കണം.

മാതൃഭൂമി
Mathrubhumi
Page:4 Date:23-8-24 column:5

# ആലപ്പുഴ ജില്ലാ ത്രോബോൾ ചാമ്പ്യൻഷിപ്പ്



▶ ആലപ്പുഴ ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് നൂറനാട് സി.ബി.എം. ഹൈസ്കൂളിൽ പ്രഥമാധ്യാപിക ആർ. സജിനി ഉദ്ഘാടനം ചെയ്യുന്നു

**ചാരുംമൂട്** ▸ ആലപ്പുഴ ജില്ലാ ത്രോബോൾ അസോസിയേഷൻ നടത്തിയ ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് നൂറനാട് സി.ബി.എം. ഹൈസ്കൂളിൽ നടന്നു. പ്രഥമാധ്യാപിക ആർ. സജിനി ഉദ്ഘാടനം ചെയ്തു. ത്രോബോൾ അസോസിയേഷൻ ജില്ലാസെക്രട്ടറി ഫ്രഡി അധ്യക്ഷനായി.

ആൺകുട്ടികളുടെ വിഭാഗത്തിൽ ചെന്നിത്തല മഹാത്മാ ബോയ്സ് എച്ച്.എസ്. ഒന്നാം സ്ഥാനവും മാവേലിക്കര നൊസ്റ്റാൾജിയ ക്ലബ്ബ് രണ്ടാംസ്ഥാനവും കരസ്ഥമാക്കി. പെൺകുട്ടികളുടെ വിഭാഗത്തിൽ ചുനക്കര ചെറുപുഷ്പ ത്രോബോൾ അക്കാദമി ഒന്നാംസ്ഥാനവും മാവേലിക്കര ബി.എച്ച്. സ്കൂൾ രണ്ടാംസ്ഥാനവും നേടി.

സുപ്രഭാതം
Suprabhaatham
PAGE:3
COLUMN:4
Date:23-8-24



# ജില്ലാ ത്രോബോൾ ചാംപ്യൻഷിപ് അവസാനിച്ചു

**മാവേലിക്കര** ▸ പത്താമത് ആലപ്പുഴ ജില്ലാ ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ് സി.ബി.എം എച്.എസ് നൂറനാട് സ്കൂളിൽ ആരംഭിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് ആർ. സജിനി ഉദ്ഘാടനം ചെയ്തു. ആലപ്പുഴ ജില്ലാ ത്രോബോൾ അസോസിയേഷൻ സെക്രട്ടറി ഫ്രെഡ്ഡി.ഡി. ജൂലിയസ് അധ്യക്ഷത വഹിച്ചു. ടൂർണമെന്റിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ മഹാത്മാ ബോയ്സ് ചെന്നിത്തല ഒന്നാം സ്ഥാനവും, നൊസ്റ്റാൾജിയ മാവേലിക്കര രണ്ടാം സ്ഥാനവും കരസ്ഥമാക്കി. പെൺകുട്ടികളുടെ വിഭാഗത്തിൽ ചെറുപുഷ്പ ത്രോബോൾ അക്കാദമി ചുനക്കര ഒന്നാംസ്ഥാനവും, ബിഎച്ച് മാവേലിക്കര രണ്ടാം സ്ഥാനവും നേടി.